File No.FWLD-C1/102/2019-FWLD

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 366 24.06.2019 ൽ മറുപടിയ്ക്ക്

**വനമേഖലയുടെ വിസ്തീർണ്ണം**

| | ചോദ്യം<br>**ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ** | | മറുപടി<br>**അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വനമേഖലയുടെ വിസ്തീർണ്ണം വർദ്ധിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ അറിയിക്കാമോ; വനാവരണ വർദ്ധനവ് വരുത്തിയ സംസ്ഥാനങ്ങളുടെ ഇടയിൽ കേരളം എത്രാം സ്ഥാനത്താണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വനമേഖലയുടെ വിസ്തീർണ്ണത്തിൽ വർദ്ധനവുണ്ടായിട്ടില്ല. വനവിസ്തൃതി എന്നത് റിസർവ്വ് വനത്തിന്റെയും, നിക്ഷിപ്ത വനത്തിന്റെയും, പരിസ്ഥിതി ദുർബല പ്രദേശത്തിന്റെയും, പ്രൊപ്പോസ്ഡ് റിസർവ്വിന്റെയും ആകെ തുകയാണ്. ഇത് വർദ്ധിച്ചിട്ടില്ല. ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യയുടെ സ്റ്റേറ്റ് ഫോറസ്റ്റ് 2017 ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 'ഫോറസ്റ്റ് കവർ' (വന ആവരണം) 1043 ച.കി.മീ വർദ്ധനവു ണ്ടായിട്ടുണ്ട്. വനത്തിനു വെളിയിലുള്ള പ്ലാന്റേഷനുകളുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവാണ് വന ആവരണത്തിൽ വർദ്ധനവുണ്ടാകാൻ പ്രധാന കാരണം. പ്രസ്തുത റിപ്പോർട്ട് പ്രകാരം വനാവരണം വർദ്ധിപ്പിക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് മൂന്നാം സ്ഥാനമാണുള്ളത്. |
| (ബി) | വനസംരക്ഷണം ഉറപ്പ് വരുത്തുന്നതിന് ഉൾവന പ്രദേശങ്ങളിൽ ഇന്റീരിയർ പ്രൊട്ടക്ഷൻ ക്യാമ്പുകൾ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വന സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് ഉൾ വനങ്ങളിൽ ഇൻറീരിയർ പ്രൊട്ടക്ഷൻ ക്യാമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധരേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റ് രേഖകളും ഭദ്രമായി സൂക്ഷിക്കുന്നുണ്ടോ; ഇതിനായി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റു രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018-19 -ൽ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ